LIBRARY ARCHIVES Kerala Legislative Assembly

താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട്

130 (1166) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ കുറുവട്ടൂർ പഞ്ചായത്തിലെ പുറ്റമണ്ണിൽ താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച 125 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ എത്തിക്കുന്നതിനും യാത്രചെയ്യുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുറ്റമണ്ണിൽ താഴം കാന്ത്രമലയിൽ ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ജപ്തി ഭൂമി തിരിച്ച് നൽകുന്നത് സംബന്ധിച്ച്

131 (1168) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടികളിലൂടെ കൈവശപ്പെടുത്തിയ ഏതെങ്കിലും ഭൂമി ഉത്തരവിറക്കി ഭൂ ഉടമയ്ക്ക് തിരിച്ച് നല്കിയിട്ടുണ്ടോ ;

(ബി) ക്യാബിനറ്റ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി പഴയ ഉടമയ്ക്ക് തിരികെ നല്കിയ കേസ്സുകളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ മാർക്കറ്റ് വില ഈടാക്കിക്കൊണ്ടാണോ പ്രസ്തുത ഭൂമികൾ തിരിച്ച് നല്കിയത് ; അല്ലെങ്കിൽ കാരണം എന്ത് ;

(ഡി) ജപ്തി ചെയ്ത് കൈവശം വച്ചുവരുന്ന ഭൂമി ഭൂവില വർദ്ധനവ് പരിഗണിക്കാതെ, പഴയ കടിശ്ശിക മാത്രം ഈടാക്കിക്കൊണ്ട് തിരികെ നല്കിയ നടപടി നിയമാനുസൃതമാണോ ;